**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4100** **27-10-2021 - ൽ മറുപടിയ്ക്ക്**

**മദ്യവർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മദ്യവർജ്ജനം സംബന്ധിച്ച് കഴിഞ്ഞ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ; ഇതുസംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ വിപുലമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് മദ്യവർജ്ജന ആശയങ്ങൾ വിദ്യാർത്ഥികളിലും, യുവാക്കളിലും, പൊതുജനങ്ങളിലും എത്തിയ്ക്കുവാൻ കഴിഞ്ഞു. പുതുതലമുറ ലഹരിയിലേയ്ക്ക് വഴുതി വീഴുന്നത് തടയുവാൻ ഇതിലൂടെ സാധിച്ചിട്ടുണ്ട്. ലഹരിയ്ക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സയിലൂടെ ലഹരിയുടെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചു. ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കി സമ്പൂർണ്ണ ലഹരി വിമുക്ത കേരളം വാർത്തെടുക്കുക എന്ന നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാരും ഇതേ നയമാണ് പിന്തുടരുന്നത്. |
| (ബി) | ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപാനികൾ ഉൾപ്പെടെ മദ്യം വർജ്ജിക്കുവാൻ തയ്യാറായതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപാനികൾ മദ്യം വർജ്ജിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാലയളവിൽ നിയമാനുസൃതമായ മദ്യം ലഭിക്കാത്ത സാഹചര്യത്തിൽ ലഹരിക്കായി മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചതിനെത്തുടർന്ന് വ്യാജമദ്യ ഉല്പാദനവും, വിതരണവുമായി ബന്ധപ്പെട്ട അബ്കാരി കേസുകൾ കൂടുതലായി കണ്ടെടുത്തിട്ടുണ്ട്. |
| (സി) | കോവിഡ് കാലത്തെ വ്യാജമദ്യ-മയക്കുമരുന്ന് കേസുകളുടെ എണ്ണവും 2016-19 കാലത്തെ എണ്ണവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ രണ്ട് കണക്കുകളും ലഭ്യമാക്കുമോ? | (സി) | ഉണ്ട്. 2016-19 കാലയളവിൽ 69655 അബ്കാരി കേസുകളും, 23603 മയക്കുമരുന്ന് കേസുകളും, കോവിഡ് കാലയളവിൽ 31039 അബ്കാരി കേസുകളും, 6540 മയക്കുമരുന്ന് കേസുകളും കണ്ടെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ